


# ശതാധിപൻ പരസ്നേഹത്തിന്റെ ആൾരൂപം

(മത്തായി 8:5 – 13)

Vol. 10, Issue: 40

ബ്ര. റിച്ചാർഡ് വരിക്കാശ്ശേരിൽ MCBS

**മി**ശിഹായിൽ സ്നേഹം നിറഞ്ഞവരേ, വിദൂരങ്ങളിലായിരിക്കുന്ന പ്രിയപ്പെട്ടവരുടെ നൊമ്പരങ്ങളും വേദനകളും അപകടങ്ങളും അതീന്ദ്രിയമായി അറിയുവാനുള്ള കഴിവ് പലരിലും നാം കണ്ടിട്ടുണ്ട്. പാരാസൈക്കോളജിയിൽ ഇതിന് 'ടെലപ്പതി' എന്ന പേരു നൽകി വിളിക്കുന്നു. മക്കൾക്ക് അപകടമോ മറ്റോ സംഭവിക്കുമ്പോൾ അമ്മമാർക്ക് അസ്വസ്ഥതകളനുഭവപ്പെടുന്നതും ഇത്തരത്തിലൊന്നാണ്. ഈ ടെലിപ്പതിയുടെ അത്ഭുതശാസ്ത്രം വിശദീകരിക്കാൻ നമുക്കാവില്ലായിരിക്കാം. എന്നാൽ, ഈ കഴിവിനു പിന്നിൽ ഒരു ആത്മീയത കണ്ടെത്താൻ നമുക്കാവും- മനുഷ്യത്വത്തിന്റെ ആത്മീയത. ഒപ്പമുള്ളവരുടെ വേദനകളോട്, സങ്കടങ്ങളോട് സംവദിക്കുന്ന ആത്മീയത, ഒപ്പമുള്ളവരുടെ സങ്കടമറിഞ്ഞ് അതിനോട് പ്രതികരിക്കുന്ന ആത്മീയത. ദനഹാക്കാലത്തിന്റെ അവസാന ആഴ്ചയിൽ നമ്മുടെ ധ്യാനത്തിനായി തിരുസഭ നൽകുന്ന വചനഭാഗത്തിലൂടെ നാം കണ്ടുമുട്ടുന്ന ശതാധിപൻ ഇത്തരത്തിലുള്ള ഒരു ആത്മീയതയുടെ ഉടമയാണ്.

റോമൻ സൈന്യത്തിലെ നൂറുപേരടങ്ങുന്ന സൈന്യവിഭാഗത്തിന്റെ തലവനാണ് ശതാധിപൻ. പുതിയ നിയമത്തിൽ നാല് ഇടങ്ങളിലായി ശതാധിപന്മാരെപ്പറ്റി പരാമർശിക്കുന്നു. ഇവരെല്ലാം പ്രശംസനീയരാണ് എന്ന വസ്തുത ശ്രദ്ധേയമാണ്. ഇന്ന് തിരുവചനത്തിൽ നാം കണ്ടുമുട്ടുന്ന ശതാധിപൻ ക്രിസ്തുവിൽ നിന്നും പ്രശംസയ്ക്ക് അർഹനാകുന്നു.

കാരുണ്യവും എളിമയും വിശ്വാസത്തോട് ലയിപ്പിച്ചവനാണ് ശതാധിപൻ. തന്റെ ദാസന്റെ കഠിനവേദന അയാളെ ക്രിസ്തുവിനരികിലെത്തിക്കുന്നു. അടിമകളെ ജീവനുള്ള ഉപകരണങ്ങൾ മാത്രമായി കണ്ടിരുന്ന അക്കാലത്ത്, രോഗിയായ തന്റെ ഭൃത്യനെ സ്വഭവനത്തിൽ കിടത്തി ശുശ്രൂഷിക്കാൻ ശതാധിപന്റെ കാരുണ്യവും സ്നേഹവും അദ്ദേഹത്തെ സന്നദ്ധനാക്കി.

സ്നേഹം കരുത്തായി ഉന്നതി പ്രാപിക്കുമ്പോൾ മനുഷ്യാത്മാവിന് സ്നേഹത്തിന്റെ വിഷയമായി ഒപ്പമുള്ളവൻ മാറുന്നു. പരസ്നേഹ കാരുണ്യം അതിനാൽത്തന്നെ ഉത്ഭവിക്കുന്നില്ല. അത് ദൈവസ്നേഹത്തിന്റെ പ്രായോഗികതയാണ്. ശതാധിപനെ തന്റെ ഭൃത്യനുവേണ്ടി ക്രിസ്തുവിനരികിലെത്തിച്ചത് ദൈവസ്നേഹത്തിൽ നിന്നും ഉരുത്തിരിഞ്ഞ പരസ്നേഹ കാരുണ്യമാണ്.

ക്രിസ്തുവുമായുള്ള കൂടിക്കാഴ്ചയിൽ ശതാധിപൻ പറയുന്നു: “നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല” – എളിമയുടെ വാക്കുകൾ. ലത്തീൻ ആരാധനക്രമത്തിൽ ഇന്നും ഉപയോഗിക്കപ്പെടുന്ന വാക്കുകളാണിത്. അധികാരത്തിന്റെ പദവിയിലുള്ളവനായിട്ടും നിലവിലുള്ള കാഴ്ച്ചപ്പാടുകൾക്കു വിപരീതമായി ചിന്തിക്കുന്ന ശതാധിപൻ, താനും ക്രിസ്തുവുമായുള്ള അന്തരം മനസ്സിലാക്കി. എളിമയോടെ തന്റെ പാപാവസ്ഥയെ ഏറ്റുപറഞ്ഞ് ദൈവസന്നിധിയിൽ നിൽക്കുവാനുള്ള തന്റെ അയോഗ്യതയെ മനസ്സിലാക്കി പ്രാർത്ഥിക്കുന്ന വിജാതീയനെപ്പോലെ, ക്രിസ്തുവിന്റെ മുമ്പിൽ തന്റെ ദാസനുവേണ്ടി യാചിക്കുന്ന ശതാധിപനെ നാം വചനത്തിൽ കണ്ടുമുട്ടുന്നു.

ശതാധിപന്റെ തുടർന്നുള്ള വാക്കുകൾ ക്രിസ്തുവിനെപ്പോലും അതിശയിപ്പിച്ച വിശ്വാസത്തിന്റേതായിരുന്നു. “നീ ഒരു വാക്ക് ഉച്ചരിച്ചാൽ മതി; എന്റെ ഭൃത്യൻ സുഖപ്പെടും.” ക്രിസ്തുവിന്റെ വാക്കുകൾക്ക് സുഖപ്പെടുത്തുവാനുള്ള ശക്തിയുണ്ടെന്ന് ശതാധിപൻ തിരിച്ചറിഞ്ഞു. ദൈവമായ വചനമാണവൻ. അതിനാൽ അവന്റെ വാക്കുകൾ അവൻ തന്നെയാണ്. അവന്റെ വചനങ്ങൾക്ക് ദൈവീക അധികാരമുണ്ട്. അവന്റെ വാക്കുകൾ ആത്മാവും ജീവനുമായതുകൊണ്ട് വേദനിക്കുന്ന തന്റെ ഭൃത്യൻ സുഖമാക്കപ്പെടുമെന്ന് ശതാധിപൻ വിശ്വസിച്ചു.

മാമ്മോദീസായിലൂടെ ക്രിസ്ത്യാനി എന്നു വിളിക്കപ്പെടുന്ന നമ്മുടെ മുമ്പിൽ വിജാതീയനായ ശതാധിപൻ ഒരു വെല്ലുവിളിയായി നിൽക്കുന്നു. ശതാധിപന്റെ വിശ്വാസവും സ്നേഹവും കാരുണ്യവും എളിമയും നമ്മെ ചോദ്യം ചെയ്യുന്നുണ്ട്. ക്രിസ്തുശിഷ്യരായ, ക്രിസ്തുവിന്റെ പാത പിഞ്ചെല്ലുന്ന നമുക്ക് ശതാധിപന്റെ അത്രയെങ്കിലും വിശ്വാസത്തിലേയ്ക്ക്, സ്നേഹത്തിലേയ്ക്ക്, കാരുണ്യത്തിലേയ്ക്ക്, എളിമയിലേയ്ക്ക് വളരുവാൻ സാധിക്കുന്നുണ്ടോ? ഒപ്പമുള്ളവന്റെ സങ്കടങ്ങളോട്, വേദനകളോട് സ്നേഹത്തോടെ, കാരുണ്യത്തോടെ സംവദിക്കുവാൻ, അവയോട് പ്രതികരിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? സ്വയം മനസ്സിലാക്കി എളിമപ്പെടുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം നമ്മുടെ മനസ്സ് ‘ഇല്ല’ എന്ന ഉത്തരമാണ് നൽകുന്നതെങ്കിൽ നാം ക്രിസ്തുവിൽ നിന്ന് എത്രയോ അകലെയാണ്.

വിശ്വാസം, സ്നേഹം, കാരുണ്യം, എളിമ തുടങ്ങിയ കർമ്മപുണ്യങ്ങളിലൂടെ ക്രിസ്തുവിലേയ്ക്ക്, അവൻ നൽകുന്ന സന്തോഷത്തിലേയ്ക്ക് നമുക്ക് പറന്നുയരാം. അവകാശത്തിന്റെ, അഹങ്കാരത്തിന്റെ ഗർവ്വിലല്ല മറിച്ച്, വിശ്വാസത്തിന്റെ, സ്നേഹത്തിന്റെ എളിമയിലാണ് നാം ക്രിസ്തുവിനെ കണ്ടുമുട്ടുക.

വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും എളിമയുടെയും കൂദാശയായ വിശുദ്ധ കുർബാനയിലായിരിക്കുന്ന നമുക്ക് ഈ പുണ്യങ്ങളിൽ വളരുന്നതിനായി തുടർന്നുവരുന്ന നിമിഷങ്ങളിൽ പ്രാർത്ഥിക്കാം.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.